# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ആഗോള സെമികണ്ടക്ടർ മേളയായ സെമികോൺ ഇന്ത്യ 2026' ൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ നിർവഹിക്കും.

PM Modi to inaugurate 5th edition of SEMICON India 2026 at Yashobhoomi in New Delhi tomorrow.

2) യുപിഐ വഴിയുള്ള ഏത് തുകയുടെ വ്യക്തിഗത ഇടപാടുകൾക്കും, ഒരുവിധ ചാർജും ഈടാക്കില്ലെന്ന് വ്യക്തമാക്കി കേന്ദ്ര സർക്കാർ.

Govt says, there will be no charges at all for person-to-person UPI transactions, irrespective of amount transferred.

3) നിക്ഷേപ നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുന്നതിന് സരൾ കേരളം പദ്ധതിക്ക് അംഗീകാരം നൽകി സംസ്ഥാന മന്ത്രിസഭ യോഗം. കേരളത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് ഒരാഴ്ചക്കുള്ളിൽ പരിഹാരം കാണുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ.

The State Cabinet meeting approved the 'Saral Kerala' scheme to simplify investment procedures. Chief Minister V.D. Satheesan stated that the power crisis in Kerala will be resolved within a week.

4) ഓസോൺ പാളിയുടെ നിലനിൽപ്പ് മനുഷ്യരാശിക്കും, കാലാവസ്ഥാ സുസ്ഥിരതയ്ക്കും അനിവാര്യമെന്ന് ലോക ഓസോൺ ദിനത്തിൽ കേന്ദ്ര സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ്.

On World Ozone Day today, Minister of State for Environment, Forest and Climate Change Kirti Vradhan Singh said that the ozone layer is the shield against harmful UV rays.

5) ഒരു മാസം നീളുന്ന 'സ്വച്ഛത ഹി സേവ' ശുചീകരണ ക്യാമ്പയിന് രാജ്യത്ത് നാളെ തുടക്കം.

The month-long 'Swachhata Hi Seva' cleanliness campaign will begin in the country tomorrow.

6) ആഗോള വളർച്ചയ്ക്ക് കരുത്തുപകരാൻ ഇന്ത്യയ്ക്ക് ശേഷിയുണ്ടെന്ന് അന്താരാഷ്ട്ര നാണയ നിധി.

India has potential to power the next wave of global growth: IMF

********************

## PM - SEMICON INDIA

'സെമികോൺ ഇന്ത്യ 2026' പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിലെ യശോഭൂമിയിൽ ഉദ്ഘാടനം ചെയ്യും. സെമികണ്ടക്ടർ മേഖലയിൽ ആഗോള തലത്തിൽ പ്രവർത്തിക്കുന്നവരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിലൂടെ സംയോജിത പ്രവർത്തനവും, ശേഷി വർദ്ധനയും ഉറപ്പുവരുത്തുകയാണ് മൂന്ന് ദിവസത്തെ മേളയുടെ ലക്ഷ്യം. 600-ലധികം പ്രദർശകരും 300-ഓളം അന്താരാഷ്ട്ര കമ്പനികളും 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘങ്ങളും പരിപാടിയിൽ പങ്കെടുക്കും. സ്റ്റാർട്ടപ്പുകൾക്കായി പ്രത്യേക പവലിയനും മേളയിൽ ഒരുക്കിയിട്ടുണ്ട്. ഇന്ത്യ സെമികണ്ടക്ടർ മിഷനും, ഇലക്ട്രോണിക്സ് & ഐ.റ്റി മന്ത്രാലയവും യോജിച്ച് സംഘടിപ്പിക്കുന്ന സെമികോൺ ഇന്ത്യ പ്രദർശനമേളയുടെ അഞ്ചാം പതിപ്പാണിത്.

********************

## **GOVT – UPI**

യുപിഐ വഴി നടത്തുന്ന ഏത് തുകയുടെ വ്യക്തിഗത ഇടപാടുകൾക്കും, ഒരുവിധ ചാർജും ഈടാക്കില്ലെന്ന് വ്യക്തമാക്കി കേന്ദ്ര സർക്കാർ. വ്യാപാരികൾക്ക് നൽകുന്ന 2,000 രൂപ വരെയുള്ള ഇടപാടുകളും ചെറുകിട വ്യാപാരികൾക്കായുള്ള സീറോ മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് ഇടപാടുകളും സൗജന്യമായി തുടരുമെന്നും ധന മന്ത്രാലയം അറിയിച്ചു. 2,000 രൂപയ്ക്ക് മുകളിലുള്ള നിർദ്ദിഷ്ട വ്യാപാര ഇടപാടുകൾക്ക് മാത്രമേ എംഡിആർ ബാധകമാകൂ . എംഡിആർ എന്നത് സർക്കാരോ, നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയോ പിരിക്കുന്ന തുക അല്ലെന്നും, യുപിഐ സംവിധാനത്തിന്റെ പ്രവർത്തനത്തിനും വികാസത്തിനുമായി ബാങ്കുകൾക്കും പേയ്മെന്റ് ആപ്പ് സേവനദാതാക്കൾക്കുമാണ് ഇത് വീതിച്ചു നൽകുന്നതെന്നും ധന മന്ത്രാലയം വ്യക്തമാക്കി. പരിഷ്കരിച്ച യുപിഐ എംഡിആർ ചട്ടക്കൂട് അടുത്ത മാസം 15 മുതൽ പ്രാബല്യത്തിൽ വരുമെന്ന് എൻപിസിഐ അറിയിച്ചു.

********************

## **CM (INTRO)**

കേരളത്തിലേക്കുള്ള നിക്ഷേപങ്ങളിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന സരൾ കേരളം പദ്ധതിക്ക് അംഗീകാരം നൽകി സംസ്ഥാന മന്ത്രിസഭാ യോഗം. നിക്ഷേപ നടപടിക്രമങ്ങൾ ഏകോപിപ്പിച്ച് ലളിതവൽക്കരിക്കുകയാണ് പുതിയ നിയമം ലക്ഷ്യമിടുന്നതെന്ന് മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിക്കവേ മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് ഒരാഴ്ചക്കുള്ളിൽ പരിഹാരം കാണുമെന്നും മുഖ്യമന്ത്രി അറിയിച്ചു. വൈദ്യുതി വാങ്ങുന്നതിനായി എട്ട് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടതായും സോളാർ വൈദ്യുതി സ്റ്റോർ ചെയ്യാൻ കഴിയുന്ന ബാറ്ററി സ്റ്റോറേജ് സംവിധാനം കൊണ്ടുവരുമെന്നും അദ്ദേഹം പറഞ്ഞു. 30 രൂപ യൂണിറ്റിന് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്......)**

********************

## SWACHHATA HI SEVA

'സ്വച്ഛത ഹി സേവ 2026' ക്യാമ്പയിന് രാജ്യത്ത് നാളെ തുടക്കമാകും. പൊതുവിടങ്ങളുടെ ശുചീകരണം, ശുചീകരണ പ്രവർത്തനങ്ങളിലെ യുവജന പങ്കാളിത്തം എന്നിവ ലക്ഷ്യമിട്ട് ഒക്ടോബർ 17 വരെയാണ് രാജ്യവ്യാപകമായി ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ശുചിത്വത്തിനായി ജനപങ്കാളിത്തം, സ്വച്ഛ് ഭാരതം, വികസിത ഭാരതം എന്നതാണ് ഈ വർഷത്തെ പ്രമേയം. സ്വച്ഛ് ഭാരത് ദൗത്യത്തിൻറെ ഭാഗമായി 2017 മുതലാണ് രാജ്യത്ത് സ്വച്ഛത ഹി സേവ ക്യാമ്പെയിൻ സംഘടിപ്പിച്ചു വരുന്നത്. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ടിന് ഇതിൻറെ ഭാഗമായി പ്രത്യേക പരിപാടികളും നടക്കും. ഏക് പേഡ് മാ കെ നാം സംരംഭത്തിൻറെ ഭാഗമായ വൃക്ഷത്തൈ നടീലും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കും.

*********************

## SPECIAL CAMPAIGN– PORTAL

സർക്കാർ ഓഫീസുകളിൽ സമ്പൂർണ്ണ ശുചിത്വ സംസ്കാരം ഉറപ്പാക്കുന്നതിനായി, ഒക്ടോബർ 2 മുതൽ കേന്ദ്ര സർക്കാർ പ്രത്യേക കാമ്പെയിൻ ആരംഭിക്കും. ഒക്ടോബർ 31 വരെ തുടരുന്ന ശുചീകരണ പരിപാടിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള വെബ് പോർട്ട കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യും.

*********************

## Swachh Sagar

സ്വച്ഛസാഗർ സുരക്ഷിതസാഗർ പ്രചരണ പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിൽ ഈ മാസം 19 ന് ശുചീകരണ യജ്ഞം നടക്കും. തിരുവനന്തപുരം കോവളം ബീച്ചിലും ശുചീകരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഓസോൺ ദിനത്തോടനുബന്ധിച്ച് ഇന്നും വിവിധ ബീച്ചുകളിൽ ശുചീകരണ പരിപാടികൾ നടക്കും

*********************

## SEWA SNAKALP

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി ബിജെപി രാജ്യമെമ്പാടും നാളെ മുതൽ ഒരു മാസം നീളുന്ന സേവാ സങ്കൽപ്

അഭിയാൻ സംഘടിപ്പിക്കും. സംസ്ഥാനത്തും വിപുലമായ പരിപാടികൾ ഇതിൻറെ ഭാഗമായി നടക്കും.

*********************

## MINISTERS-WORLD OZONE DAY

ഓസോൺ പാളിയുടെ നിലനിൽപ്പ് മനുഷ്യരാശിക്കും, ജൈവവൈവിധ്യത്തിനും കാലാവസ്ഥാ സുസ്ഥിരതയ്ക്കും അനിവാര്യമെന്ന് കേന്ദ്ര പരിസ്ഥിതി സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ്. വരും തലമുറയ്ക്കായി സുരക്ഷിതമായ ഭാവി പടുത്തുയർത്താൻ നിത്യ ജീവിതത്തിൽ പ്രകൃതിസൗഹൃദ ശീലങ്ങൾ വളർത്തിയെടുക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഓസോൺ പാളിയുടെ സംരക്ഷണം വീടുകളിൽ നിന്നാണ് ആരംഭിക്കേണ്ടതെന്നും ലോക ഓസോൺ ദിനത്തിൽ മന്ത്രി ഓർമ്മപ്പെടുത്തി. ഓസോൺ പാളിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ചരിത്രപ്രധാനമായ 'മോൺട്രിയൽ പ്രോട്ടോക്കോൾ' ഒപ്പുവെച്ചതിന്റെ ഓർമ്മക്കായാണ് സെപ്റ്റംബർ 16 ലോക ഓസോൺ ദിനമായി ആഘോഷിക്കുന്നത്.

*********************

## PM VISWAKARMA (INTRO)

കരകൗശല വിദഗ്ധർക്ക് പിന്തുണ നൽകുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പിഎം വിശ്വകർമ പദ്ധതി നാളെ മൂന്ന് വർഷം പൂർത്തിയാക്കും. 2027-28 കാലയളവ് വരെ 13,000 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന പദ്ധതിയിലൂടെ 18 പരമ്പരാഗത മേഖലകൾക്കാണ് സഹായം നൽകി വരുന്നത്.

**വിശദാംശങ്ങളിലേക്ക്**
**(ഹോൾഡ് വോയ്സ്.........)**

*കരകൗശല വസ്തുക്കളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് പുറമേ, ഉത്പന്നങ്ങൾക്ക് ആഗോള വിപണി സാധ്യത ഉറപ്പുവരുത്താനും പിഎം വിശ്വകർമ പദ്ധതി ലക്ഷ്യമിടുന്നു. സ്റ്റൈപൻറോട് കൂടിയ നൈപുണ്യ വികസനം, മൂന്ന് ലക്ഷം രൂപ വരെ വായ്പ സഹായം, ഉപകരണങ്ങൾ വാങ്ങുന്നതിന് 15,000 രൂപ വരെ സാമ്പത്തിക സഹായം എന്നിവയും പദ്ധതിയിലൂടെ നൽകിവരുന്നു. 30 ലക്ഷത്തിലധികം ഗുണഭോക്താക്കളാണ് പി.എം വിശ്വകർമ പദ്ധതിയിൽ ഇതിനകം രജിസ്റ്റർ ചെയ്തത്. ഗുണഭോക്താക്കൾക്ക് പിഎം വിശ്വകർമ*

*സർട്ടിഫിക്കറ്റും, ഐഡി കാർഡും ഇതിൻറെ ഭാഗമായി നൽകുന്നുണ്ട്. മരപ്പണി, സ്വർണപ്പണി തുടങ്ങി 18 പരമ്പരാഗത തൊഴിൽ വിഭാഗങ്ങളിൽ ഉൾപ്പെട്ട 18 ന് മുകളിൽ പ്രായമുള്ളവർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.*

*ന്യൂസ് ഡസ്ക്, ആകാശവാണി*

*********************

## Police inspection

ഫുട്ബോൾ താരം ലയണൽ മെസ്സിയെ കേരളത്തിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ റിപ്പോർട്ട് ചാനലിൻറെ കൊച്ചിയിലെ ഓഫീസിലടക്കം വ്യാപക പരിശോധനയുമായി പ്രത്യേക അന്വേഷണ സംഘം. ചാനൽ ന്യൂസ് റൂമിലുൾപ്പടെ നടത്തിയ പരിശോധനക്കെതിരെ ശക്തമായ പ്രതിഷേധം ഉയരുകയാണ്. നിയമപരമായ അന്വേണത്തിൻറെ ഭാഗമായാണ് റെയ്ഡ് നടന്നതെന്ന് മുഖ്യമന്ത്രി വാർത്താസമ്മളനത്തിൽ പറഞ്ഞു. വാർത്താ പ്രക്ഷേപണം തടസ്സപ്പെടുത്തിയ പോലീസിന്റെ നടപടി പ്രതിഷേധാർഹമാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പ്രതികരിച്ചു.

*********************

## IMF

ആഗോള വളർച്ചയ്ക്ക് കരുത്തുപകരാൻ ഇന്ത്യയ്ക്ക് ശേഷിയുണ്ടെന്ന് അന്താരാഷ്ട്ര നാണയ നിധി.
ഇന്ത്യയുടെ ശക്തമായ സാമ്പത്തിക അടിത്തറ, ഊർജ്ജസ്വലമായ സ്വകാര്യ മേഖല, വർദ്ധിച്ചുവരുന്ന സാങ്കേതിക ശേഷി എന്നിവ വളർച്ചയ്ക്ക് പിന്തുണയേകുമെന്നും ഐഎംഎഫ് വ്യക്തമാക്കി. ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥ എന്നതിനൊപ്പം അന്താരാഷ്ട്ര സാമ്പത്തിക വികസനത്തിന് വലിയതോതിൽ സംഭാവന നൽകുന്ന രാജ്യം കൂടിയാണ് ഇന്ത്യയെന്നും ഐ.എം.എഫ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ നൈജൽ ക്ലാർക്ക് പറഞ്ഞു.

*********************

## India-New Zealand

ഇന്ത്യയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിയമനിർമാണം നടത്തി ന്യൂസിലൻഡ് പാർലമെൻറ്. ഇരു രാജ്യങ്ങൾക്കുമിടയിലെ വ്യാപാരം ശക്തിപ്പെടുത്തുന്നതിനും,

തീരുവകളിൽ സാരമായ കുറവ് വരുത്തുന്നതിനും ഇത് സഹായിക്കും. പ്രതിപക്ഷ അംഗങ്ങളുടെ അടക്കം പിന്തുണയോടെയാണ് നിയമം പാസ്സാക്കിയത്. കയറ്റുമതിക്കാർക്ക് ഇതിൻറെ പ്രയോജനം ഉടൻ ലഭിക്കുമെന്നും, വ്യാപാര കരാർ ഈ വർഷം തന്നെ നടപ്പാക്കുമെന്നും ന്യൂസിലൻഡ് വാണിജ്യ മന്ത്രി ടോഡ് മക്ലേ പറഞ്ഞു. എല്ലാ ഇന്ത്യൻ ഉത്പന്നങ്ങൾക്കും ന്യൂസിലൻഡ് വിപണിയിൽ തീരുവ രഹിത പ്രവേശനം സ്വതന്ത്ര വ്യാപാര കരാറിലൂടെ സാധ്യമാകും.

*********************

## JAISHANKAR BHUTAN

കേന്ദ്ര വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ രണ്ടുദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ഭൂട്ടാനിലെത്തും. ഭൂട്ടാൻ രാജാവ്, പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി എന്നിവരുമായി അദ്ദേഹം കൂടിക്കാഴ്ചനടത്തും.

*********************

## MoSPI- SURVEY

രാജ്യത്ത്, 15 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഈ വർഷം ഓഗസ്റ്റിൽ 55.6 ശതമാനമായി ഉയർന്നതായി സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം . മുൻ മാസം ഇത് 55.4 ശതമാനമായിരുന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിലും നേരിയ വർദ്ധനയുണ്ടായിട്ടുണ്ട്.

*********************

## SAUDI-DRONE ATTACK

മക്കയ്ക്ക് സമീപം ഹൂതി വിമതർ വിക്ഷേപിച്ച ഡ്രോൺ, സൗദി വ്യോമ പ്രതിരോധ സേന വെടിവെച്ചിട്ടു. 2017-ന് ശേഷം മക്കയ്ക്ക് നേരെ ഹൂതികൾ നടത്തുന്ന രണ്ടാമത്തെ ആക്രമണ ശ്രമമാണിത്. അതേസമയം, മക്കയെ ലക്ഷ്യം വെച്ചായിരുന്നില്ല ആക്രമണമെന്ന് ഹൂതികൾ വ്യക്തമാക്കി.

*********************

## ASHA workers- Delhi Govt

ആശ വർക്കർമാരുടെ പ്രതിമാസ ഇൻസെന്റീവ് 3,000 രൂപയിൽ നിന്ന് 6,000 രൂപയായി ഉയർത്തി ഡൽഹി സർക്കാർ. മുഖ്യമന്ത്രി രേഖ ഗുപ്തയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. ഇതിനുപുറമെ, ഡൽഹിയിലെ കോളേജുകളിലും സർവകലാശാലകളിലും പഠിക്കുന്ന 10,000

വിദ്യാർത്ഥികൾക്കായി പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

*********************

## RAIN-KERALA

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്. എറണാകുളം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരപ്രദേശങ്ങളിൽ ഇന്ന് വൈകിട്ട് 11:30 വരെ ഉയർന്ന തിരമാലകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

*********************

**************

******